പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *220 17/8/2017 ൽ മറുപടിക്ക്

## കന്നുകാലി കശാപ്പ് നിയന്ത്രണത്തിന്റെ പ്രത്യാഘാതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഐ.ബി. സതീഷ് | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | കേന്ദ്ര സർക്കാർ കന്നുകാലി കശാപ്പ് നിയന്ത്രണം ഏർപ്പെടുത്തിയത് ക്ഷീരമേഖലയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ; | എ) | കറവ വറ്റിയ പശുക്കളെ കർഷകർ വിറ്റൊഴിവാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ വിറ്റ് ഒഴിവാക്കുന്ന ഉരുക്കൾ മാംസ വ്യാപാരികളിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്. കശാപ്പിന് നിയന്ത്രണം വന്നാൽ, ഇത്തരത്തിൽ വിറ്റൊഴിവാക്കാൻ കഴിയാത്തതുകൊണ്ട് അവയെ സംരക്ഷിക്കുവാൻ അധിക ചിലവുണ്ടാകുന്നതുമൂലം കർഷകർ ഈ മേഖല വിട്ടുപോകാൻ സാധ്യതയുണ്ട്. |
| ബി) | കറവ വറ്റിയ പശുക്കൾ ഉൾപ്പെടെയുള്ള നാല്ക്കാലികളെ പരിപാലിക്കുന്നതിന് വരാവുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം കാലികളെ സ്വന്തം ചെലവിൽ സംരക്ഷിക്കാൻ സംസ്ഥാനത്തെ ഏതെങ്കിലും സംഘടനകളോസ്ഥാപനങ്ങളോ മുന്നോട്ട് വന്നിട്ടുണ്ടോ; | ബി) | കറവവറ്റിയ പശുക്കളെ സംരക്ഷിക്കാൻ സംരക്ഷണ റേഷൻ നൽകുന്നതിന് പ്രതിദിനം ഏകദേശം 100/- രൂപ വരെ ചെലവ് വരുന്നതായി കണക്കാക്കപ്പെടുന്നു. ഇത്തരം കാലികളെ സ്വന്തം ചെലവിൽ സംരക്ഷിക്കാൻ സംസ്ഥാനത്തെ ഏതെങ്കിലും സംഘടനകളോ സ്ഥാപനങ്ങളോ മുന്നോട്ട് വന്നിട്ടില്ല. |
| സി) | കേന്ദ്ര സർക്കാർ പാൽ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇറക്കുമതി നീക്കം ഒഴിവാക്കി രാജ്യത്തെ ജനങ്ങളുടെ താല്പര്യത്തിന് മുൻതൂക്കം നൽകാൻ ആവശ്യപ്പെടുമോ; | സി) | കേന്ദ്ര സർക്കാർ പാൽ ഇറക്കുമതി ചെയ്യുന്നതു സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഇന്ത്യ, ചൈന,ജപ്പാൻ, സൗത്ത്കൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ ഏഷ്യാ പെസഫിക് രാജ്യങ്ങളും ആസിയാൻ കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും ഉൾപ്പെടെ 16 രാജ്യങ്ങൾ തമ്മിലുള്ള മെഗ റീജിയണൽ ഫ്രീ Trade Agreement ആണ് RCEP യിൽ ( Regional Comprehensive Economic Partnership) മുന്നോട്ട് വെച്ചിരിക്കുന്നത്. ഈ ഉടമ്പടി പ്രകാരം പാലും പാലുല്പന്നങ്ങളും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതിന് അനുമതി ഉണ്ട് എന്നിരിക്കിലും, കേന്ദ്ര ഗവൺമെന്റിനോട് രേഖാമൂലം RCEP മൂലമുണ്ടാകുന്ന കർഷകരുടെ ആശങ്ക ദൂരീകരിച്ച് നമ്മുടെ കർഷകരുടെ താല്പര്യം സംരക്ഷിക്കത്തക്ക രീതിയിലായിരിക്കണം കരാർ എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ക്ഷീര സംഘങ്ങളെ ശാക്തീകരിച്ച് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) | ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി നടപ്പു വർഷം 2585 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br>1. പുതിയസംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തന രഹിതമായവ പുന:രുദ്ധരിക്കുന്നതിനും 113.775 ലക്ഷംരൂപ।<br>2. ക്ഷീരസഹകരണ സംഘങ്ങളുടെ ആവശ്യാധിഷ്ഠിത ധനസഹായങ്ങൾ - 742.8 ലക്ഷം രൂപ<br>3. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ - 388.5 ലക്ഷം രൂപ<br>4. മിൽമയുടെ വാഹനം പാൽ സംഭരിക്കുന്നതിന് എത്തിച്ചേരാത്ത സംഘങ്ങൾക്കുള്ള കടത്തുകൂലി - 28 ലക്ഷംരൂപ<br>5.സംഘങ്ങളിൽ കംമ്പ്യൂട്ടർവത്കരണം നടത്തുന്നതിനും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിനായി- 28 ലക്ഷംരൂപ।<br>6. ഫുഡ് സേഫ്റ്റി നിയമ പ്രകാരം കർഷകർക്ക് ബോധവത്കരണം നടത്തുന്നതിന് - 3 ലക്ഷംരൂപ<br>7. ഫുഡ് സേഫ്റ്റി മാനദണ്ഡങ്ങൾ പാലിക്കുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് - 202.5 ലക്ഷംരൂപ<br>8. സംഘത്തിൽ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിന് - 100 ലക്ഷംരൂപ<br>9. ജിയോ മാപ്പിംഗ് – 25 ലക്ഷംരൂപ<br>10. ക്ഷീരസഹകരണ പ്രസ്ഥാനങ്ങളുടെ പഠനം നടത്തുന്നതിന് - 30 ലക്ഷംരൂപ<br>11. മാനേജീരിയൽ അസിസ്റ്റൻസ് -122.5 ലക്ഷംരൂപ<br>12.കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല് മുതലായവ ധനസഹായത്തോടുകൂടി വിതരണം ചെയ്യുന്നതിന് -155 ലക്ഷം<br>13. മികച്ച ക്ഷീരസംഘത്തിനുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡിനായി – 3 ലക്ഷം രൂപ<br>14. ഓപ്പറേഷണൽ ചെലവ് - 15 ലക്ഷംരൂപ<br>15.പാൽസംഭരണം/ കാലിത്തീറ്റ ഗോഡൗൺ നിർമ്മാണം - 350 ലക്ഷംരൂപ<br>16.ചില്ലിംഗ്/ പ്രോസ്സസിംഗ് യൂണിറ്റുകളുടെ നവീകരണം/ നിർമ്മാണം - 200 ലക്ഷംരൂപ<br>17. ഇൻഫർമേഷൻ കിയോസ്ക്- 5.5 ലക്ഷം രൂപ<br>18. സംഘം ഭരണാധികാരികളുടെ റിവ്യൂ മീറ്റിംഗ് - 15 ലക്ഷം രൂപ ഉൾപ്പെടെ 2585 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കും |

സെക്ഷൻഓഫീസർ